**File No.SJD/939/2020-E9**

15 YEARS OF CELEBRATING THE MAHATMA

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐഎഎസ്)

ഉത്തരവ് നം. SJD/939/2020-E9

തിരുവനന്തപുരം,
തീയതി. 27/04/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം- എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന :സംഘടന - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ 01/02/2020 പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ (കൈ) നം.24/2017/സാനീവ തീയതി 30/6/2017.
2. സ.ഉ (കൈ) നം.23/2018/സാനീവ തീയതി 07/10/2018.
3. സ.ഉ (അച്ചടി) നം.10/2019 /സാനീവ തീയതി 21/10/2019.
4. സാമൂഹ്യനീതി ഡയറക്ടറുടെ 21/01/2020 ലെ Spl Cell-01/2019 നമ്പർ നടപടിക്രമങ്ങൾ
5. സാമൂഹ്യനീതി ഡയറക്ടറുടെ 02/03/2020 ലെ SJD/939/2020-E9 നമ്പർ നടപടിക്രമങ്ങൾ

പരാമർശം (1) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും പരാമർശം (1) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശു വികസന വകുപ്പിലേയ്ക്കും അനുവദിച്ച് ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. പ്രസ്തുത കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം , നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം ജീവനക്കാരെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. വകുപ്പ് വിഭജനത്തിനു മുൻപ് സാമൂഹ്യനീതി വകുപ്പിൽ 17 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികകളാണ് നിലനിന്നിരുന്നത്. എന്നാൽ കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചു കൊണ്ടുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവു പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് 5 ആയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക

സീനിയോറിറ്റി ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയും ജീവനക്കാരിൽ നിന്ന് കാര്യാലയമേധാവികൾ മുഖേന ആക്ഷേപം/ പരാതികൾ ക്ഷണിയ്ക്കുകയുമുണ്ടായി. എന്നാൽ ആക്ഷേപം/ പരാതികൾ സമർപ്പിക്കുവാനുള്ള അവസാന തീയതിയ്ക്കകം താൽക്കാലിക സീനിയോറിട്ടി ലിസ്റ്റിൻമേൽ ഒരു ആക്ഷേപവും ജീവനക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

3. ഈ സാഹചര്യത്തിൽ ജി.ഒ (പി) നം. 10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ചതിനു ശേഷം 01/02/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ പരാമർശം (5) ലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. എല്ലാ കാര്യാലയമധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ യ്ക്ക്
4 ഇ 1 മുതൽ ഇ 6 സീറ്റ് വരെ
5 സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**ജി.ഒ (പി) നം.10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരെ പുനർ വിന്യസിച്ച ശേഷം 01/02/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ്**

| റാങ്ക് നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | സ്ഥാനക്കയറ്റ ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ശ്രീ.നാരായണൻ.പി<br>PEN No. 213885 | 30-09-1965 | B Com | | സാമൂഹ്യനീതി ഡയറക്ടറുടെ 19-09-2015 ലെ ഇ 7-33675/15 നമ്പർ നടപടിക്രമങ്ങൾ | 27-10-2015 | |
| 2 | ശ്രീമതി.മോളി.എം.സി<br>PEN No. 212693 | 10-05-1965 | BA, Dipl. In Music | | സാമൂഹ്യനീതി ഡയറക്ടറുടെ 19-09-2015 ലെ ഇ 7-33675/15 നമ്പർ നടപടിക്രമങ്ങൾ | 30-09-2015 | |
| 3 | ശ്രീമതി.റാബിയ ഫൈസൽ<br>PEN No. 213894 | 22-03-1969 | M Com | | സാമൂഹ്യനീതി ഡയറക്ടറുടെ 19-09-2015 ലെ ഇ 7-33675/15 നമ്പർ നടപടിക്രമങ്ങൾ | 01-01-2016 | |
| 4 | ശ്രീമതി സുമാദേവി.വി<br>PEN No. 211960 | 19-05-1977 | MA Sociology | | സാമൂഹ്യനീതി ഡയറക്ടറുടെ 17-01-2019 ലെ ഇ 1-16637/18 നമ്പർ നടപടിക്രമങ്ങൾ | 13-02-2019 | |
| 5 | ശ്രീ.അജിത്ത് കുമാർ.റ്റി<br>PEN No. 211759 | 20-04-1969 | SSLC | | സാമൂഹ്യനീതി ഡയറക്ടറുടെ 10-12-2019 ലെ ഇ 6-9305/19 നമ്പർ നടപടിക്രമങ്ങൾ | 23-12-2019 | |

സാമൂഹ്യനീതി ഡയറക്ടർ